**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 279

11.12.2018 ൽ മറുപടിയ്ക്ക്

## ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയർത്തൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എം.രാജഗോപാലൻ**<br>**ശ്രീ. എം.നൗഷാദ്**<br>**ശ്രീ. പി.ഉണ്ണി**<br>**ശ്രീ. പി.ടി.എ.റഹീം** | | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| എ) | ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയർത്താനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; എത്ര പഞ്ചായത്തുകൾക്ക് ഐ.എസ്.ഒ.അംഗീകാരം നേടാനായി എന്ന് വ്യക്തമാക്കാമോ? | എ) | സംസ്ഥാനത്ത് ഇനിയും ഐ.എസ്.ഒ. നേടിയിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയർത്തുന്നതിനായ് കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന് കീഴിൽ നടപ്പാക്കുന്ന രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതിയുടെ സംസ്ഥാന വിഹിതം ഉപയോഗിച്ച് പഞ്ചായത്ത് വകുപ്പിന്റെ നേതൃത്വത്തിൽ പദ്ധതി നടപ്പാക്കി വരുന്നു. ഇതിനായി കൺസൽട്ടൻസി സർവ്വീസ് നടത്തുന്നതിനായി തൃശ്ശൂർ കിലയേയും (G.O(Rt) No.308/2018/LSGD dt 02.02.2018) സർട്ടിഫിക്കേഷൻ ബോഡിയായി M/s TQ Service നേയും (G.O(Rt) No.839/2018/LSGD dt 27.03.2018) സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 11.04.2018 ൽ കിലയുമായും 14.08.2018 ന് M/s TQ Service ഉം ആയിട്ടും പഞ്ചായത്ത് ഡയറക്ടർ കരാറിൽ എർപ്പെടുകയും ഐ.എസ്.ഒ. നിലവാരം നേടുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരികയും ചെയ്യുന്നു. ഗ്രാമപഞ്ചായത്തുകൾക്ക് ഇത് |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച പരിശീലനം കില വഴി നൽകി വരുന്നു. ഐ.എസ്.ഒ. നേടാനുള്ള 723 ഗ്രാമപഞ്ചായത്തുകളിൽ 513 ഗ്രാമപഞ്ചായത്തുകൾ പരിശീലനം പൂർത്തിയാക്കുകയും 210 ഗ്രാമപഞ്ചായത്തുകൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി കില സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും ഐ.എസ്.ഒ. പദവി നേടുന്നതാണ്. സംസ്ഥാനത്ത് നിലവിൽ 218 ഗ്രാമപഞ്ചായത്തുകൾ ഐ.എസ്.ഒ. പദവി നേടിയിട്ടുണ്ട്. |
| ബി) | ഗ്രാമപഞ്ചായത്തുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽകൃതമായിട്ടുണ്ടോ; പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനം ഓൺലൈൻ ആയിട്ടുണ്ടോ എന്നും ഇതുകൊണ്ട് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങളും അറിയിക്കാമോ; അഴിമതിയും കെടുകാര്യസ്ഥതയും ഇല്ലാതാക്കാനായിട്ടുണ്ടോ: വ്യക്തമാക്കുമോ? | ബി) | സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും പൂർണ്ണമായും കമ്പ്യൂട്ടർ വത്കരിക്കുകയും പദ്ധതി ആസൂത്രണനിർവഹണ പ്രവർത്തനങ്ങൾ ഓൺലൈൻ ആക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും പദ്ധതി രൂപീകരണം അംഗീകാരം തുടങ്ങിയവ ഓൺലൈനായി ഐ.കെ.എം വികസിപ്പിച്ചെടുത്ത സുലേഖ സോഫ്റ്റ് വെയർ വഴിയാണ് നടക്കുന്നത്. ഓൺലൈൻ ആക്കിയതിനാൽ സമയബന്ധിതമായി പദ്ധതി രൂപീകരിക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനും സാധിക്കുന്നുണ്ട്. യഥാസമയം മോണിറ്ററിംഗ് നടത്തുന്നത് വഴി പദ്ധതി പ്രവർത്തനങ്ങളിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്താൻ കഴിയുന്നു.<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി തടയുന്നതിനും സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തുകളിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ പൗരസേവനം കാര്യക്ഷമതയുള്ളതാക്കാനും അതുവഴി അഴിമതിയും കെടുകാര്യസ്ഥതയും |

| | | | |
|---|---|---|---|
| | | | ഇല്ലാതാക്കാനും കഴിഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി രൂപീകരണം, അംഗീകാരം, നിർവ്വഹണം, മേൽനോട്ടം, അക്കൗണ്ടിംഗ്, വിവിധതരം നികുതി നികുതിയേതര വരുമാനം, ക്രയവിക്രയങ്ങൾ, ഓഫീസ് പ്രവർത്തനം, ജനന-മരണ, വിവാഹ രജിസ്ട്രേഷൻ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ, പൊതു സേവനങ്ങൾ, യോഗനടപടി ക്രമങ്ങൾ തുടങ്ങിയവ ഇ ഗവേണൻസ് വഴി നടപ്പാക്കിവരുന്നു. |
| സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് വകുപ്പ് തലത്തിൽ നടത്തി വരുന്ന ഇടപെടലുകൾ അറിയിക്കാമോ? | സി) | സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ 2018-19 സാമ്പത്തിക വർഷത്തെ വസ്തു നികുതിയിനത്തിൽ പിരിച്ചെടുക്കേണ്ട ആകെ ഡിമാന്റ് തുക 537.05 കോടി രൂപയാണ്. പ്രസ്തുത തുകയിൽ 215.66 കോടി രൂപ (40.16%) ഇതിനകം പിരിച്ചെടുത്തിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തുകളുടെ വസ്തു നികുതി കളക്ഷൻ 83 ശതമാനമായിരുന്നു. ഈ സാമ്പത്തിക വർഷം വസ്തു നികുതി 100%വും പിരിച്ചെടുക്കുന്നതിന് ആവശ്യമായ എല്ലാ സഹായസന്നാഹങ്ങളും പഞ്ചായത്ത് ഡയറക്ടറേറ്റ് തലത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് ഒരുക്കി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായിട്ടുള്ള റിവ്യൂമീറ്റിങ്ങുകളും പരിശോധനകളും പഞ്ചായത്ത് ഡയറക്ടറേറ്റ് തലത്തിൽ എല്ലാ ജില്ലകളിലും നടത്തിവരുന്നു. 31.03.2019 നകം വസ്തുനികുതി കളക്ഷൻ 100% കൈവരിക്കുന്നതിനാണ് വകുപ്പ് പ്രവർത്തന കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ നഗരസഭകളുടെ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ഓൺലൈൻ പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. കൂടാതെ, നഗരസഭകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി വിളിച്ച് ചേർക്കുന്ന നഗരസഭാ സെക്രട്ടറിമാരുടെ അവലോകന യോഗങ്ങളിൽ നികുതി പിരിവ് സൂക്ഷ്മമായി വിലയിരുത്തുകയും ചെയ്ത് വരുന്നുണ്ട്. മാത്രമല്ല, നികുതി കുടിശ്ശികകൾ സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് സന്നദ്ധ സംഘടനകൾ, റസിഡൻസ് അസോസിയേഷൻ തുടങ്ങിയവകളുടെ സഹകരണത്തോടെ നികുതി പിരിവ് സമാഹരണ യജ്ഞങ്ങളും, ക്യാമ്പുകളും നഗരസഭയുടെ മേഖലാ കേന്ദ്രങ്ങളിലും സംഘടിപ്പിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ